Reg. No. : ................................

Name : ......................................

**136**

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2024

## Part – III

## POLITICAL SCIENCE

**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Read instructions carefully.*
- *Malayalam version of the questions is also provided.*
- *Calculations, figures and graphs should be shown in the answer sheet itself.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിക്കുക.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.

Score

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക.** **(16)**

1. രാജ്യസഭയുടെ എക്സ് ഒഫീഷ്യോ ചെയർമാൻ __________ ആണ്. (1)

   (പ്രസിഡന്റ്, പ്രധാനമന്ത്രി, വൈസ് പ്രസിഡന്റ്, ഗവർണർ)

2. ഇന്ത്യയിലെ ഏറ്റവും ഉയർന്ന അപ്പീൽ കോടതി __________ ആണ്. (1)

   (ഹൈക്കോടതി, സുപ്രീം കോടതി, സബ് കോടതി, ജില്ലാകോടതി)

3. യുദ്ധത്തെ മഹത്വവൽക്കരിച്ച ജർമൻ തത്വചിന്തകൻ (1)

   (വിൽഫ്രഡോ പരേറ്റോ, സോക്രട്ടീസ്, ഫ്രഡറിക് നീക്ഷേ, പ്ലേറ്റോ)

4. ഘടനാപരമായ ഹിംസയുടെ രണ്ടു രൂപങ്ങൾ താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും കണ്ടെത്തുക. (2)

   (രാജവാഴ്ച, പുരുഷാധിപത്യം, ജാതി വ്യവസ്ഥ, ഉദ്യോഗസ്ഥ വൃന്ദം)

5. ഇന്ത്യൻ ഭരണഘടനയിലെ കടമെടുത്ത ചില വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു. അവ തിരിച്ചറിഞ്ഞ് ഉചിതമായി പട്ടികപ്പെടുത്തുക.

   (FPTP വ്യവസ്ഥ, മൗലിക അവകാശങ്ങൾ, പാർലമെന്ററി ഭരണക്രമം, നീതിന്യായ പുനരവലോകനം)

| ബ്രിട്ടൻ | അമേരിക്ക |
|---|---|
| • | • |
| • | • |

(4×½=2)

Score

6. താഴെ കൊടുത്തിരിക്കുന്ന ചാർട്ട് പൂർത്തികരിക്കുക. (2)

ഇന്ത്യൻ സിവിൽ സർവ്വീസിന്റെ വർഗ്ഗീകരണം

| അഖിലേന്ത്യാ സർവ്വീസ് | – | – |
|---|---|---|

7. രാഷ്ട്രീയ സിദ്ധാന്തങ്ങളെ കുറിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരി ആയത് പറയുക. (2)

a) രാഷ്ട്രീയ സ്ഥാപനങ്ങളുടെ അടിസ്ഥാന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നു.

b) വിവിധ മതങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ കുറിച്ച് വിശദീകരിക്കുന്നു.

c) സമത്വം, സ്വാതന്ത്ര്യം തുടങ്ങിയവയെ കുറിച്ച് വിശദീകരിക്കുന്നു.

d) രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങളെ മുൻകൂട്ടി കാണുന്നു.

8. താഴെ തന്നിരിക്കുന്ന വിഷയങ്ങളെ ഉപയോഗിച്ച് പട്ടിക പൂർത്തികരിക്കുക. (3)

(കൃഷി, വിദ്യാഭ്യാസം, പ്രതിരോധം)

| | |
|---|---|
| യൂണിയൻ ലിസ്റ്റ് | • |
| സംസ്ഥാന ലിസ്റ്റ് | • |
| കൺകറന്റ് ലിസ്റ്റ് | • |

Score

9. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മിഷന്റെ ചുമതലകളിൽ പെടാത്തത് തെരഞ്ഞെടുത്ത് എഴുതുക. (3)

- സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നു
- സുപ്രീം കോടതിയിലെ ജഡ്ജിമാരെ നിയമിക്കുന്നു
- വോട്ടർ പട്ടിക തയ്യാറാക്കുന്നു
- പുതിയ രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുന്നു

10. ഡയഗ്രം പൂർത്തീകരിക്കുക. (3)




**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4x3=12)**

11. ഇന്ത്യൻ പ്രസിഡന്റിന്റെ വിവേചനാധികാരങ്ങൾ ചൂണ്ടികാണിക്കുക.

12. ഇന്ത്യൻ പാർലമെന്റിന്റെ ഏതെങ്കിലും 3 ചുമതലകൾ ലഘുവായി വിവരിക്കുക.

Score

13. ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള മൂന്ന് മാർഗ്ഗങ്ങൾ എഴുതുക.

14. ഇന്ത്യൻ പൗരത്വം ആർജ്ജിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

15. വികസനത്തിന്റെ സാമൂഹിക ചിലവ് ലഘുവായി വിവരിക്കുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**4 സ്കോർ വീതം.** **(4×4=16)**

16. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ വിശദീകരിക്കുക.

17. ഇന്ത്യൻ ഭരണഘടനയുടെ രണ്ട് രാഷ്ട്രീയ തത്വശാസ്ത്രങ്ങൾ താഴെ കൊടുക്കുന്നു.
അവ വിവരിക്കുക.

a) വ്യക്തി സ്വാതന്ത്ര്യം

b) സാമൂഹിക നീതി

18. നിഷേധാത്മക സ്വാതന്ത്ര്യവും, ക്രിയാത്മക സ്വാതന്ത്ര്യവും വിശദീകരിക്കുക.

19. വിവിധ തരത്തിലുള്ള അവകാശങ്ങളെ കുറിച്ച് ലഘുവായി വിവരിക്കുക.

20. ദേശീയതയ്ക്കു സഹായകരമാകുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങളെ കുറിച്ച് വിശദീകരിക്കുക.

**21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**5 സ്കോർ വീതം.** **(4×5=20)**

21. പാർലമെന്ററി ജനാധിപത്യത്തിൽ നിയമ നിർമ്മാണ സഭക്ക് കാര്യനിർവ്വഹണ വിഭാഗത്തിനുമേൽ നിയന്ത്രണമുണ്ട്. ഇന്ത്യയുടെ കാര്യ നിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കുന്നതിൽ നിയമനിർമ്മാണ സഭയുടെ പങ്ക് ലഘുവായി വിവരിക്കുക.

**Score**

22. ഇന്ത്യൻ ഫെഡറൽ സംവിധാനത്തിലെ തന്നിരിക്കുന്ന രണ്ട് തർക്ക മേഖലകളെ കുറിച്ച് വിശദീകരിക്കുക.

    a) കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ

    b) ഗവർണറുടെ പങ്ക്

23. സമത്വത്തിന്റെ ഏതെങ്കിലും രണ്ട് തലങ്ങളെ കുറിച്ച് ലഘുവായി വിവരിക്കുക.

24. നീതിയുടെ ഏതെങ്കിലും രണ്ട് തത്വങ്ങളെ കുറിച്ച് ലഘുവായി വിവരിക്കുക.

25. ഇന്ത്യൻ ഭരണഘടനയുടെ ചുമതലകളെ കുറിച്ച് വിശദീകരിക്കുക.

**26 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2×8=16)**

26. ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളെ കുറിച്ച് വിശദീകരിക്കുക.

27. 73-ാം ഭരണഘടനാ ഭേദഗതി ഇന്ത്യയിലെ തദ്ദേശ സ്വയംഭരണ ഗവൺമെന്റുകളെ ശക്തിപ്പെടുത്തുവാനുള്ളതായിരുന്നു. ചർച്ച ചെയ്യുക.

28. ഇന്ത്യൻ മതേതരത്വത്തിന്റെ വിമർശനങ്ങളെ കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

---